(ബി) ഇത്തരം എത്ര മരണങ്ങൾ സംഭവിച്ചതായി പരാതിയുണ്ട്;

(സി) പൂച്ചാക്കൽ പോലീസ് സ്റ്റേഷനിൽവച്ച് ഹംസ എന്ന ആൾ ഇപ്രകാരം മരണപ്പെട്ടതായി പരാതിയുണ്ടോ;

(ഡി) എങ്കിൽ ഇതേപ്പറ്റി വല്ല അന്വേഷണവും നടത്തുകയുണ്ടായോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടു മരണങ്ങൾ സംഭവിച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി, ഡി, ഇ) ഒരു ക്രിമിനൽ കേസ് സംബന്ധിച്ച് 28-8-1979-ൽ പൂച്ചാക്കൽ പോലീസ് അറസ്റ്റുചെയ്തു കസ്റ്റഡിയിലെടുത്ത ഹംസ എന്നയാൾ തൈക്കാട്ടുശ്ശേരി ഗവൺമെൻറ് ആശുപത്രിയിൽവച്ചു മരണമടഞ്ഞ സംഭവം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ ആലപ്പുഴ ജില്ലാ കളക്ടറെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കേരളാ ആംഡ് പോലീസിന്റെ ആസ്ഥാനം

130 [185] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കെ.എ.പി. (കേരളാ ആംഡ് പോലീസ്) യുടെ ആസ്ഥാനം കണ്ണൂർ ജില്ലയിലേക്കു മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പാലക്കാട് ജില്ലയിലെ ഈ ഏക കേന്ദ്രം എന്തുകൊണ്ടാണ് മാറ്റുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ കെ.എ.പി. രണ്ടാം ബറ്റാലിയന്റെ ആസ്ഥാനം കണ്ണൂർ ജില്ലയിലെ മങ്ങാട്ടുപറമ്പിലേക്ക് മാറ്റി സ്ഥാപിക്കുവാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ബറ്റാലിയന്റെ ഒരു വിഭാഗത്തെ പാലക്കാട് നിലനിർത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഓരോ പോലീസ് റെയിഞ്ചിലും സായുധ പോലീസ് ബറ്റാലിയനുകളുടെ തുല്യമായ സാന്നിധ്യം ഉറപ്പുവരുത്തുന്നതിനും നിയമസമാധാനനില ഭദ്രമാക്കാനുമാണ് ഇപ്രകാരം ചെയ്യുന്നത്.

പുതിയ പോലീസ് സബ് ഡിവിഷനുകൾ

131 [187] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സബ് ഡിവിഷനുകൾ സ്ഥാപിക്കാനുദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ്;

(സി) കൽപ്പറ്റ പോലീസ് സബ് ഡിവിഷന്റെ അധികാരപരിധിയിൽ ഇപ്പോഴും വടക്കെ വയനാട് താലൂക്കുംകൂടി ഉൾപ്പെടുത്തിയതുകൊണ്ട് കൽപ്പറ്റ പോലീസ് സബ് ഡിവിഷൻ വിഭജിച്ച് താമരശ്ശേരി ആസ്ഥാനമാക്കി പുതിയ സബ് ഡിവിഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) ഇപ്പോഴും പുതിയ സബ് ഡിവിഷനുകളും സ്ഥാപിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന്റെ പരിഗണനയിലില്ല.

അദ്ധ്യാപക എൻ. ജി. ഒ. സമരം

132 [189] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതാനും മാസങ്ങൾക്കുമുമ്പ് സമരം ചെയ്യുമെന്ന് പ്രഖ്യാപിച്ച ഈ സംസ്ഥാനത്തെ അദ്ധ്യാപകരുടേയും എൻ. ജി. ഒ. മാരുടേയും സമരം ഒഴിവാക്കുന്നതിലേക്ക് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) അദ്ധ്യാപകരുടേയും എൻ. ജി. ഒ. മാരുടേയും ആവശ്യങ്ങൾ എന്തായിരുന്നു;

(സി) അവർക്കനുവദിച്ച ആനുകൂല്യങ്ങൾ എന്തെല്ലാം;

(ഡി) ഒത്തുതീർപ്പിലെ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കി;

(ഇ) ബാക്കി നടപ്പിലാക്കുവാനുള്ളത് ഏതെല്ലാം;

(എഫ്) കേന്ദ്രം പുതുതായി അനുവദിച്ച ഡി. എ. അതേനിരക്കിൽ അതേ തീയതി മുതൽ കേരളത്തിലെ എൻ. ജി. ഒ. മാർക്കും നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എൻ. ജി. ഒ. മാരും അദ്ധ്യാപകരും പ്രഖ്യാപിച്ചിരുന്ന സമരം ഒഴിവാക്കാനായി അവരുടെ സംഘടനാപ്രതിനിധികളുമായി ഗവൺമെന്റ് കൂടിയാലോചനകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാമെന്ന് തീരുമാനിക്കുകയുമുണ്ടായി.

(1) സർവ്വീസിൽ ആദ്യമായി പ്രവേശിച്ച തസ്തികയിൽ തുടർച്ചയായി 13 വർഷം സർവ്വീസുള്ളവരും ഈ കാലയളവിൽ യാതൊരു പ്രമോഷനും ലഭിച്ചിട്ടില്ലാത്തവരുമായ എല്ലാ എൻ. ജി. ഒ. മാർക്കും ഒരു ഹയർ ഗ്രേഡ് നൽകുക.

(2) 25 കൊല്ലമോ അതിൽ കൂടുതലോ സർവ്വീസുള്ള ജീവനക്കാർക്ക് മൂന്നാമത് ഒരു ഇംക്രിമെന്റുകൂടി വെയിറ്റേജായി 1-7-1978 മുതൽ നൽകുക. വെയിറ്റേജിന്റെ മൊത്തം തുക ശമ്പളപരിഷ്കരണ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള 50 രൂപയിൽ കൂടാൻ പാടില്ല എന്ന വ്യവസ്ഥയ്ക്കു വിധേയമായിട്ടായിരിക്കും ഇത് അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly